

ഏപ്രിൽ 2020

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരേ,

2020 ഏപ്രിൽ സമാഗതമാകുന്നു. രാഷ്ട്രത്തിന് ഒരു സാമ്പത്തിക വർഷത്തിന്റെ ആരംഭം കുറിക്കുന്ന മാസമാണിത്. എന്നാൽ നമ്മുടെ സംസ്ഥാനവും നമ്മുടെ രാഷ്ട്രവും നമ്മുടെ ലോകം തന്നെയും കോറോണ വൈറസ് ബാധയുടെ ആശങ്കാജനകമായ വ്യാപനം ഉണർത്തിവിടുന്ന ഭീഷണിയുടെ നിഴലിൽ ആയിരിക്കുകയാണ്. ഇരുന്നൂറോളം രാഷ്ട്രങ്ങളിൽ 'ലോക്ഡൗൺ' പ്രഖ്യാപിക്കത്തക്ക സാഹചര്യം സംജാതമാക്കിയ കോവിഡ് 19 എന്ന രോഗബാധയ്ക്കെതിരെയുള്ള പ്രതിരോധത്തിൽ, പൊതുസമൂഹത്തിന്റെ നന്മയെക്കരുതി നാം ഒരുമിച്ചു നിന്ന് പോരാടേണ്ട കാലമാണിത്. ഓരോ മനുഷ്യനും മനുഷ്യത്വത്തിൽ വളരുന്നത് അപരനോടുള്ള കരുതൽ ഉള്ളിൽ വളർത്തിക്കൊണ്ടായിരിക്കണം. സീനായ് പർവ്വതത്തിൽ വെച്ച് ദൈവം മോശെയ്ക്ക് നൽകിയതായ പത്തു കൽപ്പനകൾ ഒരു ജനതയുടെ ആത്മീക ജീവിതത്തിന്റെ മാത്രമല്ല, സാമൂഹ്യ ജീവിതത്തിന്റെയും കെട്ടുറപ്പിന്റെ അടിസ്ഥാനശിലയാണ്. ഏതു വ്യക്തിയുടെയും വളർച്ചയ്ക്കും ദീർഘായുസിന്റെ നന്മയ്ക്കുമുള്ള രഹസ്യം ദൈവം പരസ്യമാക്കിയത് ഇപ്രകാരമാണ്. 'നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു നിനക്കു ദീർഘായുസുണ്ടാകുവാൻ നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക്' (പുറപ്പാട് 20:12). നമ്മുടെ മാതാപിതാക്കളെ സ്നേഹിക്കുന്നതിലൂടെയും' ബഹുമാനിക്കുന്നതിലൂടെയും കരുതുന്നതിലൂടെയാണ് നമ്മൾ നല്ല മനുഷ്യരായി ദീർഘായുസിലേക്ക് വളരുന്നത് എന്ന് ദൈവം ഓർമ്മിപ്പിച്ചത് നാം മറന്നു പോകരുത്. മാതാപിതാക്കളെ മാത്രമല്ല, മറ്റുള്ളവരെയും നാം ആദരിക്കേണ്ടതായിട്ടുണ്ട്. അപരനിലേക്ക് നമ്മുടെ സ്നേഹവും കരുതലും പകരേണ്ടതായിട്ടുണ്ട്. ഇന്ന് കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകളും ജില്ലാ ഭരണകൂടങ്ങളും കൊറോണ വൈറസ് ബാധയ്ക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങളെ ഊർജ്ജിതമാക്കി ഫലപ്രദമാക്കുന്നതിനുവേണ്ടി കർശനമായ നിർദ്ദേശങ്ങൾ നൽകുമ്പോൾ അതു പാലിക്കേണ്ട ഉത്തരവാദിത്വം പൗരബോധമുള്ളവർ എന്ന നിലയിൽ ഓരോ പൗരന്റെയും ഉത്തരവാദിത്വമാണ്. സ്വന്തം ജീവൻ സംരക്ഷിക്കാൻ വേണ്ടി മാത്രമല്ല, അപരന്റെ ജീവിതം സംരക്ഷിക്കാനുമുള്ള ഉത്തരവാദിത്വം നാം ഓരോരുത്തരും ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ഈ നിർദ്ദേശങ്ങൾ നാം ഓരോരുത്തരും പാലിക്കേണ്ടതായിട്ടുണ്ട്. മീഖാ പ്രവാചകന്റെ വാക്കുകൾ എത്രയോ ചിന്തോദ്ദീപകവും ഹൃദയാവർജ്ജകവുമാണ്. 'മൃത്യുവിനു വിധേയനാകുന്ന മർത്യാ, നല്ലത് എന്തെന്നു അവൻ നിനക്കു കാണിച്ചു തന്നിരിക്കുന്നു. ന്യായം പ്രവർത്തിപ്പാനും ദയാതൽപ്പരനായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോടു ചോദിക്കുന്നത്' (മീഖാ. 6:8) കോറോണ വൈറസ് ബാധ ആശങ്കകളുടെ നിഴലുകൾ നമ്മുടെ സാമൂഹ്യ പരിസരത്തു പടർത്തുന്ന ഈ നാളുകളിൽ മീഖാ പ്രവാചകന്റെ വാക്കുകൾ നമ്മുടെ ഏത് ഇരുളിലും വെളിച്ചത്തിനായുള്ള പ്രാർത്ഥനയായിത്തീരണം. "ഞാനോ യഹോവയിങ്കലേക്കു നോക്കും; എന്റെ രക്ഷയുടെ ദൈവത്തിനായി കാത്തിരിക്കും; എന്റെ ദൈവം എന്റെ പ്രാർത്ഥന കേൾക്കും. എന്റെ ശത്രുവായവളേ എന്നെച്ചൊല്ലി സന്തോഷിക്കരുത്; വീണു എങ്കിലും ഞാൻ വീണ്ടും എഴുന്നേല്ക്കും; ഞാൻ ഇരുട്ടത്ത് ഇരുന്നാലും യഹോവ എനിക്കു വെളിച്ചമായിരിക്കുന്നു" (മീഖാ 7:7,8). ചൈനയിലെ അത്രയൊന്നും അറിയപ്പെട്ടിട്ടില്ലാത്ത ഒരു സ്ഥലത്തുനിന്നും പുറപ്പെട്ട് ആഗോള വ്യാപകമായി ഭീതി പരത്തുന്ന കോറോണ വൈറസ്, രണ്ടു ലോകമഹായുദ്ധങ്ങൾ കഴിഞ്ഞ നൂറ്റാണ്ടിൽ പരത്തിയ ഭീതിയേക്കാൾ കൂടുതലായി ആശങ്കകൾ പരത്തുമ്പോഴും നമുക്കു മീഖാ പ്രവാചകൻ പറഞ്ഞതുപോലെ എതു ഇരുട്ടത്തും നമുക്കു വെളിച്ചമായിരിക്കുന്ന ദൈവം ആണ് നമ്മുടെ ആശ്രയം എന്ന് സാക്ഷിപ്പാൻ കഴിയണം. ശുചിത്വത്തിനു ഏറ്റവും കൂടുതൽ പ്രാധാന്യം നാം കൊടുക്കണം എന്നു അനുഭവങ്ങൾ നമ്മെ പഠിപ്പിച്ചിരിക്കുകയാണ്. ഈ പ്രകൃതിയെ സംരക്ഷിപ്പാനും വേല ചെയ്ത് പ്രകൃതിയെ കൂടുതൽ മനോഹരമാക്കാനും ദൈവം ഏൽപ്പിച്ച ഉത്തരവാദിത്വത്തെ മറികടന്ന് പ്രകൃതിയെ ചൂഷണം ചെയ്ത മനുഷ്യന്റെ ക്രൂരതയ്ക്ക് പ്രകൃതി നൽകുന്ന തിരിച്ചടികൾ നാം ഇന്നും പല പ്രകാരത്തിൽ അനുഭവിച്ചുകൊണ്ടിരിക്കുകയല്ലേ? എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. ബ്രസീലിലും ആസ്ട്രേലിയയിലും ഉണ്ടായ അഗ്നിബാധ പ്രാണവായുവിന്റെ അളവിൽ വരുത്തിയ ഭീമമായ ദൗർലഭ്യം സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ മനുഷ്യന്റെ തന്നെ സൃഷ്ടിയല്ലേ? ഒരു മന:ശാസ്ത്രജ്ഞൻ നടത്തിയ ഒരു നിരീക്ഷണം ഇക്കാലത്തെ പരിസ്ഥിതി മലിനീകരണത്തിൽ ഭാവി തലമുറകൾക്കുള്ള ആശങ്കയെ വെളിപ്പെടുത്തുന്നതാണ്. ഓരോ കുഞ്ഞും ജനിക്കുമ്പോൾ വലിയൊരു കരച്ചിലോടുകൂടിയാണ് ജീവിതം ആരംഭിക്കുന്നത്. ജീവശാസ്ത്രപരമായി ചിന്തിച്ചാൽ, ശരീരത്തിന്റെ സകല ഗ്രന്ഥികളെയും ഉത്തേജിപ്പിക്കുന്ന, അവയുടെയെല്ലാം പ്രവർത്തനോദ്ഘാടനം നടക്കുന്ന വേളയാണത്. എന്നാൽ തന്റെ കരച്ചിലിലൂടെ, നിർണ്ണായകമായ ചില ചോദ്യങ്ങൾ ഓരോ കുഞ്ഞും, ലോകത്തോട് ചോദിക്കുന്നുണ്ട് എന്നാണ് ആ മനഃശാസ്ത്രജ്ഞൻ അഭിപ്രായപ്പെടുന്നത്. കുഞ്ഞുങ്ങൾ മുതിർന്ന തലമുറയോട് ചോദിക്കുന്നു – 'ഡാഡി, മമ്മി, ഞങ്ങൾ വളർന്ന് നിങ്ങളുടെ പ്രായം എത്തുമ്പോൾ ഞങ്ങൾക്ക് ശ്വസിക്കുവാൻ വായുവും കുടിക്കാൻ ശുദ്ധജലവും ഉണ്ടാകില്ലേ?' ഓരോ കുഞ്ഞിന്റെയും ഈ ചോദ്യത്തിന്റെ മുമ്പിൽ മുതിർന്ന തലമുറയ്ക്ക് എന്താണ് പറയാനുള്ളത്? കോറോണ വൈറസിനെ പ്രതിരോധിക്കുന്ന പ്രവർത്തനങ്ങൾ എല്ലായിടത്തും നടക്കുമ്പോൾ കുഞ്ഞിന്റെ ഈ ചോദ്യത്തിനുള്ള ഉത്തരം കൂടി നാം ഓർക്കേണ്ടതാണ് എന്നു ഓർമ്മിപ്പിക്കട്ടെ. 'കൃപാലുവായ ദൈവമേ, നിന്റെ കൃപയാൽ ലോകത്തെ രൂപാന്തരപ്പെടുത്തുകയും, സൗഖ്യമാക്കുകയും ചെയ്യേണമേ' എന്ന് നമുക്കു ഹൃദയപൂർവ്വം പ്രാർത്ഥിക്കാം. അതോടൊപ്പം തന്നെ ഈ കാലത്ത് നാം അഭിമുഖീകരിക്കുന്ന പ്രതിസന്ധിയിൽ ഗവർമെന്റുകളും ഉത്തരവാദിത്വപ്പെട്ടവരും നൽകുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കണം. നമ്മുടെ നിത്യരക്ഷക്കു കാരണഭൂതനായ ക്രിസ്തു നമുക്കു നിത്യരക്ഷ സാധ്യമാക്കിയത് പിതാവായ ദൈവത്തെ കുരിശിലെ മരണത്തോളം തന്നെ അനുസരിച്ചതുകൊണ്ടാണ്. അനുസരണം ബലിയേക്കാൾ നല്ലതല്ലോ എന്ന് ദൈവവചനം നമ്മെ പഠിപ്പിക്കുന്നു എന്നത് വിസ്മരിക്കരുത്.

നമ്മുടെ സഭയുടെ ആസ്ഥാനം സ്ഥിതി ചെയ്യുന്ന തിരുവല്ല മുനി

സിപ്പാലിറ്റിയുടെ ശതാബ്ദി ആഘോഷത്തിൽ പങ്കെടുത്തു, നാടി നും സമൂഹത്തിനും മാറ്റങ്ങൾ വരുത്തിയ ശുശ്രൂഷകൾ നിർവ്വ ഹിച്ചവർക്കും മുനിസിപ്പൽ ചെയർമാൻമാരെയും കൗൺസിലർ മാരെയും ആദരിക്കുന്നതിനായി തിരുവല്ല പൗരാവലി ക്രമീകരിച്ച ചടങ്ങിൽ നാം പങ്കെടുത്തു. കൂടുതൽ ധന്യമായ ശുശ്രൂഷകൾ നിർവ്വഹിപ്പാനും സംസ്ഥാനത്തിനാകെ ഒരു മാതൃകാ മുനിസി പ്പാലിറ്റിയായി തുടർന്നും ശുശ്രൂഷിപ്പാൻ ആശംസകൾ നേരുന്നു, പ്രാർത്ഥിക്കുന്നു.

നമ്മുടെ തെക്കൻ ഇടവകകളിൽ ശ്രദ്ധേയമായ ഒരു ഇടവകയായ മൈലം ക്രിസ്തോസ് മാർത്തോമ്മാ ഇടവക ആധുനിക ശില് പകലാ വൈഭവത്തോടുകൂടി നിർമ്മിച്ച ലളിതവും മനോഹരവു മായ ദൈവാലയത്തിന്റെ കൂദാശ നിർവ്വഹിച്ചു. ദൈവാലയ നിർ മ്മിതിക്ക് നേതൃത്വം നൽകിയ ഇടവകയെ പ്രത്യേകം അഭിനന്ദി ക്കുന്നു. അടുത്ത സമയത്തുണ്ടായ പ്രത്യേക സാഹചര്യത്തിന്റെ ഫലമായി മാറ്റിവയ്ക്കേണ്ടി വന്ന കരിപ്പുഴ ശാലേം, തലച്ചിറ ശാലേം എന്നീ പള്ളികളുടെയും, മാങ്ങാനം സെന്റ് പീറ്റേഴ്സ് മാർത്തോമ്മാ ഇടവകയുടെ നവീകരിച്ച ആനത്താനം ചാപ്പലിന്റെയും കൂദാശകൾ പിന്നീട് നിർവ്വഹിക്കുന്നതാണ്.

നമ്മുടെ സഭാംഗമായ അഡ്വ. ബെച്ചു കുര്യൻ തോമസ് ഹൈക്കോ ടതി ജഡ്ജിയായി നിയമിതനായി. ഭാരതത്തിൽ നമ്മുടെ സഭാംഗങ്ങ ളായ നാലുപേർ ഇപ്പോൾ ഹൈക്കോടതി ജഡ്ജിമാരായി ശുശ്രൂഷകൾ നിർവ്വഹിക്കുന്നുണ്ട് എന്നതിൽ നമുക്ക് വലിയ അഭി മാനമുണ്ട്. നമ്മുടെ സഭയുടെ അഭിമാനമായ സുപ്രീം കോടതി മുൻ ജഡ്ജി പത്മഭൂഷൺ ജസ്റ്റിസ് കെ. റ്റി. തോമസിന്റെ പുത്ര നാണ് ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ്. ജസ്റ്റിസ് ബെച്ചു കുര്യൻ തോമസിന്റെ സ്ഥാനലബ്ദിയിൽ മാർത്തോമ്മാ സഭയ്ക്കുള്ള സന്തോഷവും അഭിമാനവും അറിയിക്കുന്നതോടൊപ്പം ന്യായപീഠ ത്തിൽ നീതി നിർവ്വഹിക്കുന്നതിന് ആവശ്യമായ ദൈവകൃപ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുന്നു.

നമ്മുടെ ഭോപ്പാൽ മാർത്തോമ്മാ ഇടവകാംഗമായ ശോഭാ ഓജ അവിടുത്തെ സ്റ്റേറ്റ് വനിതാ കമ്മീഷൻ അദ്ധ്യക്ഷയായി നിയമി തയായി. സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ ശുശ്രൂഷകൾ നിർവ്വഹിക്കുന്നതിനുള്ള അംഗീകാരമായി ലഭിച്ച സ്ഥാനലബ്ദി കൂടുതൽ അനുഗ്രഹകരമായി പ്രവർത്തിപ്പാൻ മുഖാന്തിരമായിത്തീരട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ആസ്ട്രേലിയായിലെ മെൽബൺ ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകയ്ക്ക് ഒരു ഏക്കർ സ്ഥലവും ഒരു പാഴ്സനേജും ലഭ്യമായി. അമേരിക്കയിലെ ടീനെക്ക് ഇടവക ഒരു സുനഗോഗ് വാങ്ങി ദൈവാ ലയമാക്കി രൂപപ്പെടുത്തി വരുന്നു. ലണ്ടനിലെ സെന്റ് ജയിംസ് ഇട വക വാങ്ങിയ സ്ഥലത്ത് നിർമ്മിച്ച പുതിയ പള്ളിയുടെ കൂദാശ ഇപ്പോഴത്തെ സാഹചര്യത്തിൽ മാറ്റവെയ്ക്കേണ്ടി വന്നു. പിന്നീട് ആ കൂദാശ നിർവ്വഹിക്കുന്നതാണ്.

നിലയ്ക്കൽ ഐക്യ ദേവാലയത്തിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. പെന്തക്കോസ്തു ഞായറാഴ്ച കൂദാശ നിർവ്വഹിക്കാ നാകുമെന്ന് പ്രതീക്ഷിക്കുന്നു. നിർമ്മാണത്തിൽ സഹകരിച്ച സുമനസുകളെ അഭിനന്ദിക്കുന്നു. നിർമ്മാണത്തിന് ട്രഷറർ എന്ന നിലയിൽ നേതൃത്വം നൽകിയ നമ്മുടെ സഭയുടെ മുൻ ട്രസ്റ്റി ശ്രീ. ഏബ്രഹാം ഇട്ടിച്ചെറിയായെ പ്രത്യേകം അഭിനന്ദിക്കുന്നു.

2020-23 കാലയളവിലേക്കുള്ള സഭാ മണ്ഡലത്തിന്റെയും ഭദ്രാസന അസംബ്ലികളുടെയും തിരഞ്ഞെടുപ്പുകൾ മാർച്ച് 31 നു മുമ്പ് നടത്തണമെന്നാണ് നിർദ്ദേശിച്ചിരുന്നതെങ്കിലും ഇപ്പോഴത്തെ പ്രത്യേക പരിതസ്ഥിതിയിൽ ജൂൺ 30-ാം തീയതിക്കകം പൂർത്തീ കരിച്ച് റിപ്പോർട്ട് ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. 2020 സെപ്റ്റം ബർ 2, 3, 4 തീയതികളിലാണ് മാർത്തോമ്മാ സഭാ പ്രതിനിധിമണ്ഡ ലയോഗം നടക്കുന്നത്. അനുയോജ്യരായ ആളുകളെ ഓരോ സ്ഥാനത്തേക്കും തിരഞ്ഞെടുക്കുന്നതിൽ ബന്ധപ്പെട്ടവർ ജാഗ്രത പുലർത്തണം. പ്രത്യേകിച്ചും സഭയുടെ ഔദ്യോഗിക സ്ഥാനങ്ങ ളിലേക്ക് തിരഞ്ഞെടുപ്പു നടക്കുമ്പോൾ സഭയുടെയും ഗവർമെന്റി ന്റെയും നിയമങ്ങളെക്കുറിച്ചും ചട്ടങ്ങളെക്കുറിച്ചും പ്രത്യേകിച്ചും സാമ്പത്തികമായി മാറിവന്നിരിക്കുന്ന ഗവർമെന്റ് നിയമങ്ങളെക്കു റിച്ചും നല്ല ധാരണയുള്ളവർ ആ സ്ഥാനങ്ങളിലേക്ക് കടന്നു വരു വാൻ പ്രത്യേകം ശ്രദ്ധിക്കണം. തിരഞ്ഞെടുപ്പുകൾ ഒരു തരത്തിലു മുള്ള വിഭാഗിയതകളും ഇടവകകളിലും സഭയിലും ഉണ്ടാകാൻ ഇട യാകാതവണ്ണം പ്രവർത്തിക്കുകയും പ്രാർത്ഥിക്കുകയും വേണം.

നമ്മുടെയെല്ലാം അഭിമാനമായ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലിത്താ ഏപ്രിൽ 27-ാം തീയതി 103-ാം വയസിലേക്ക് പ്രവേശിക്കുകയാണ്. ദൈവ ത്തിന്റെ അനുഗൃഹിത വരദാനമായ തിരുമേനിയുടെ ധന്യമായ ശുശ്രൂഷകൾ ഏറ്റുവാങ്ങുവാൻ നമുക്കു ദൈവം നൽകിയ അനു ഗ്രഹത്തിനായും തിരുമേനിക്ക് വേണ്ട ശുശ്രൂഷകൾ ചെയ്യുവാൻ ദൈവം സഭയെ ഒരുക്കുന്നതിനായും ദൈവത്തെ സ്തുതിക്കാം. ഏപ്രിൽ 27-ാം തീയതി നമ്മുടെ ഭവനങ്ങളിൽ പ്രഭാതത്തിലെയും സന്ധ്യയിലെയും കുടുംബ പ്രാർത്ഥനകളിൽ പ്രത്യേകം തിരുമേ നിക്കായി പ്രാർത്ഥിക്കണം എന്നു അറിയിക്കട്ടെ.

നമ്മുടെ പുലാത്തീൻ ഓഫീസ് മാനേജരായി അനുഗൃഹീതമായ ശുശ്രൂഷ നിർവ്വഹിക്കുന്ന പ്രിയപ്പെട്ട സണ്ണിയുടെ പിതാവ് പടിഞ്ഞാ റേമണ്ണിൽ ശ്രീ.പി.എം.മത്തായി (ബേബി) (81) നിര്യാതനായി. ഈ വേർപാടിൽ ദുഃഖാർത്തരായിരിക്കുന്ന കുടുംബാംഗങ്ങളോടുള്ള സഭയുടെ അനുശോചനം അറിയിക്കുന്നു. പ്രിയപ്പെട്ടവരുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുന്നു.

ഏപ്രിൽ മാസത്തെ ധ്യാനം ആരംഭിക്കുന്നത് ഏപ്രിൽ 3-ാം തീയതി നാല്പതാം വെള്ളിയാഴ്ചയുമായി ബന്ധപ്പെട്ട ധ്യാനത്തോടു കൂടി യാണ്. പരീക്ഷകളെ അതിജീവിക്കുന്ന നോമ്പിന്റെ ആദ്ധ്യാത്മി കത എന്നതാണ് അന്നത്തെ ചിന്താവിഷയം. നാല്പതു ദിവസത്തെ മരുഭൂമിയിലെ ഉപവാസത്തിനു ശേഷം പിശാച് പരീക്ഷകനായി കടന്നുവന്ന് യേശുവിനെ പരീക്ഷിച്ചപ്പോൾ ഉയർത്തുന്ന ചോദ്യ ങ്ങൾ എക്കാലത്തെയും മനുഷ്യന്റെ പ്രലോഭനങ്ങളുടെ അടിസ് ഥാന പ്രശ്നങ്ങൾ തന്നെയാണ്. ഒന്നാമത്തെ പരീക്ഷ സ്വന്തം ഉദര പൂരണത്തിനു വേണ്ടി ദൈവപുത്രൻ എന്ന നിലയിലുള്ള സിദ്ധി കൾ പ്രയോജനപ്പെടുത്തുവാനായിരുന്നു. തന്നിൽ നിക്ഷിപ്ത മായിരിക്കുന്ന സർഗ്ഗശക്തികൾ സ്വാർത്ഥപരമായി ഉപയോഗിക്കു വാനുള്ള ഇത്തരത്തിലുള്ള പ്രലോഭനങ്ങൾ ഇന്നും മനുഷ്യർക്ക് ഉണ്ടാകുമ്പോൾ യേശു അതിനെ നേരിട്ട വചന മാർഗ്ഗമാണ് നമുക്ക് വഴി കാണിച്ചു തരുന്നത്. യേശു പറഞ്ഞു - 'മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽക്കൂടി വരുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു എന്ന് എഴുതിയിരിക്കുന്നു' (ആവർത്തന പുസ്തകം 8:3). തന്റെ സ്വന്തം വിശപ്പിനേക്കാൾ ഉപരിയായി അപരന്റെ വിശപ്പിനെ ദർശിക്കുവാനും തന്റെ സുഖഭോഗങ്ങളേ ക്കാൾ ഉപരിയായി അപരന്റെ സുഖത്തെ കരുതുവാനും തന്റെ സ്വാർത്ഥലാഭേച്ഛകളേക്കാൾ ഉപരിയായി അപരന്റെ സൗഭാഗ്യ ത്തെക്കുറിച്ച് കരുതുവാനുമുള്ള ദർശനമാണ് കർത്താവ് നമ്മെ പഠിപ്പിച്ചത്. കോറോണ വൈറസ് ബാധയുടെ ഈ കാലത്ത് നാം പ്രത്യേകിച്ചും ഓർക്കേണ്ടതായ ഒരു യാഥാർത്ഥ്യമത്രേ ഇത്. രണ്ടാമത്തെ പരീക്ഷ, തന്റെ സർഗ്ഗശക്തികൾ ഒരു അത്ഭുതത്തി ലൂടെ പ്രകടമാക്കി, അതിന്റെ മാസ്മരിക പ്രഭാവത്തിൽ മറ്റുള്ളവരെ തന്നിലേക്ക് ആകർഷിക്കുവാനുള്ള പ്രലോഭനമായിരുന്നു. പിശാച് യേശുവിനെ വിശുദ്ധനഗരത്തിൽ കൊണ്ടുപോയി ദൈവാലയ ത്തിന്റെ അഗ്രത്തിന്മേൽ നിറുത്തി. 'നീ ദൈവപുത്രൻ എങ്കിൽ താഴേക്ക് ചാടുക' എന്ന് ആവശ്യപ്പെട്ടു. 'നിന്നെക്കുറിച്ച് അവൻ തന്റെ ദൂതന്മാരോട് കൽപ്പിക്കും; അവൻ നിന്റെ കാൽ കല്ലിനോടു തട്ടാതവണ്ണം നിന്നെ കയ്യിൽ താങ്ങിക്കൊള്ളും' എന്ന ദൈവവ ചനം ഉദ്ധരിച്ചുകൊണ്ട് പ്രലോഭനത്തിലേക്ക് വീഴ്ത്തുവാനാണ് പിശാച് ശ്രമിച്ചതെങ്കിലും 'നിന്റെ ദൈവമായ കർത്താവിനെ പരീ ക്ഷിക്കരുത് എന്നും കൂടെ എഴുതിയിരിക്കുന്നു' എന്നു മറുപടി പറഞ്ഞുകൊണ്ട് നമ്മുടെ കർത്താവ് ആ പരീക്ഷയെ അതിജീ വിക്കുകയാണുണ്ടായത്. ചില രാഷ്ട്രീയ പ്രസംഗകരും ഇന്നും

മാസ്മരികതയുടെ മതബോധനം നടത്തുന്നവരും പലപ്പോഴും ജനത്തെ അപകടത്തിൽ കൊണ്ടുപോയി ചാടിക്കുവാൻ ശ്രമിക്കുന്നവരുടെ കൂട്ടത്തിൽ ഉണ്ട് എന്നു തിരിച്ചറിഞ്ഞ് നാം ചെയ്യേണ്ടതു ചെയ്യാതെയും ചെയ്യരുതാത്തതു ചെയ്തും ദൈവത്തെ പരീക്ഷിക്കരുത് എന്ന് ഓർമ്മിപ്പിക്കട്ടെ. രണ്ടു പരീക്ഷകളിലും പരാജയപ്പെട്ട പിശാച് ലക്ഷ്യത്തിനു അനുയോജ്യമല്ലാത്ത മാർഗ്ഗം സ്വീകരിച്ച് കാര്യം സാധിക്കുവാനുള്ള പരീക്ഷയുമായിട്ടാണ് പിന്നീട് കടന്നുവരുന്നത്. ഇന്നത്തെ ലോകത്തിൽ എല്ലാ മേഖലകളിലും ഈ പൈശാചക തന്ത്രമാണ് പലരും സ്വീകരിച്ച് താൽക്കാലിക നേട്ടങ്ങൾ കൊയ്യുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത് എന്നത് ദുഃഖകരമായ ഒരു യാഥാർത്ഥ്യമത്രെ. എന്നാൽ ക്രൂശിന്റെ മാർഗ്ഗമാണ് തന്റെ മാർഗ്ഗമെന്നു തെളിയിച്ചുകൊണ്ട് സഹനത്തിന്റെ സമവാക്യമായ ആത്മചൈതന്യത്താൽ പ്രശോഭിതനായി മുന്നോട്ടു നീങ്ങുന്ന ക്രിസ്തുവിനെയാണ് നാം സുവിശേഷത്തിൽ കാണുന്നത് എന്നോർക്കണം. ശ്രേഷ്ഠമായ ലക്ഷ്യവും ശ്രേഷ്ഠമായ മാർഗ്ഗവും ജീവിതത്തിൽ ഒരുമിപ്പിച്ച് ലോകത്തിനു വെളിപ്പെടുത്തിത്തന്ന ക്രിസ്തുവിനെക്കുറിച്ച് കാലവും ലോക ചരിത്രവും എന്നും സാക്ഷിക്കുന്നു - ഇതാ! ആ മനുഷ്യൻ.

ഏപ്രിൽ 5-ാം തീയതി ഊശാന ഞായർ വൈദിക സെമിനാരി ദിനമായി വേർതിരിച്ചിരിക്കുന്നുവെങ്കിലും ഈ പ്രത്യേക സാഹചര്യത്തിൽ സൗകര്യപ്രദമായ മറ്റൊരു ഞായറാഴ്ച സെമിനാരി ദിനമായി ആചരിക്കുകയും സെമിനാരിയുടെ അവശ്യങ്ങൾ മനസ്സിലാക്കി സ്തോത്രകാഴ്ചകൾ സമർപ്പിക്കുകയും ചെയ്യണമെന്ന് അറിയിക്കുന്നു. ഓശാന ഞായറാഴ്ച ഓരോ ഭവനത്തിലും ഭവനത്തിലുള്ളവർ പ്രാർത്ഥനകൾ നടത്തണം. കർത്താവു തന്റെ ഐഹിക ജീവിത കാലത്തു ചെയ്ത അടയാളങ്ങൾ കണ്ടിട്ട് ആവേശഭരിതരായി ഉന്മാദാവസ്ഥയിലെന്നപോലെ ആയിത്തീർന്ന ജനങ്ങൾ യേശുവിന്റെ യെരുശലേം യാത്രയെ കുരുത്തോലകൾ കൈകളിലേന്തി ഹോശാനാ വിളികളോടെ വരവേൽക്കുന്ന സംഭവം എത്രയോ ഹൃദയസ്പർശിയാണ്. എന്നാൽ യേശുവിനു വേണ്ടി ആർത്തുവിളിച്ച ആ ബഹുപുരുഷാരം തന്നെയാണ് നാലുദിനം കഴിഞ്ഞപ്പോൾ 'അവനെ ക്രൂശിക്ക' എന്ന് ആർത്തു വിളിച്ചത് എന്നു നാം ഓർക്കണം. ഇന്നു നാം പാപത്തിന്റെ വഴികളിലാണ് നടക്കുന്നതെങ്കിൽ യേശുവിനെ ക്രൂശിക്കാൻ മുറവിളി കൂട്ടിയവരുടെ പിൻഗാമികളായി നാം മാറുകയാണ് എന്ന കാര്യം വിസ്മരിക്കരുത്. കല്ല്യാണവസ്ത്രം ധരിക്കാത്തവനെ പുറത്താക്കുന്ന ഉപമ, കപടഭക്തിക്കാർക്കെതിരെയുള്ള യേശുവിന്റെ പ്രതികരണം, പത്തു കന്യകമാരുടെ ഉപമ, യേശുവിന്റെ പെസഹാ ഭക്ഷണം എന്നിവയെക്കുറിച്ചെല്ലാം പീഡാനുഭവ വാര ദിനങ്ങളിൽ നാം ധ്യാനിക്കുന്നു. വി. കുർബ്ബാനയുടെ സ്ഥാപനം നാം ധ്യാനിക്കുന്നു. പെസഹായും ശബത്തും ചേർന്നു വരുന്ന മഹാ ശബത്തിന്റെ ദിവസം പെസഹാ ഭക്ഷണം ശിഷ്യരോടൊപ്പം കഴിക്കാൻ സാധിക്കുകയില്ല എന്നറിഞ്ഞ യേശു ഒരു ദിവസം മുൻകൂട്ടി പെസഹാ ഭക്ഷണം ഒരുക്കിയതായിട്ടാണ് 3 സുവിശേഷങ്ങൾ രേഖപ്പെടുത്തുന്നത്. എന്നാൽ വിശുദ്ധ യോഹന്നാനും അപ്പൊസ്തലനായ വിശുദ്ധ പൗലോസും, പെസഹാകുഞ്ഞാടിനെ അറുക്കുന്ന സമയത്തുതന്നെ കുരിശിൽ യഥാർത്ഥ പെസഹാകുഞ്ഞാടായ യേശു അറുക്കപ്പെട്ടു എന്ന വസ്തുതയെ കൂടുതൽ ശക്തമായി വെളിപ്പെടുത്തിത്തരുന്നു. ഈ രണ്ടു കാഴ്ചപ്പാടുകൾ പരസ്പര പൂരകമായി നാം കണേണ്ടതായിട്ടുണ്ട്. വിശുദ്ധ കുർബ്ബാനയുടെ സ്ഥാപനത്തിൽ 4 നിർണ്ണായക ഘട്ടങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. 1. യേശു അപ്പം എടുത്തു. 2. സ്തോത്രം ചെയ്തു വാഴ്ത്തി. 3. നുറുക്കി 4. ലോകം നുറുക്കിയതിനെ മൂന്നാം നാൾ ദൈവം ശേഖരിച്ചു. ഗത്സമനയിൽ യേശു തന്നെത്തന്നെ ദൈവകരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തു. ദൈവം സ്തോത്രം ചെയ്തു വാഴ്ത്തിയതിനെ ലോകം കുരിശിൽ നുറുക്കിയെങ്കിലും ഉയിർപ്പിന്റെ പ്രഭാതത്തിൽ ദൈവം അതിനെ ശേഖരിച്ച് മരണത്തെ ജയിക്കുന്ന അജയ്യമായ ആത്മചൈതന്യമാക്കി മാറ്റി. ഉയിർത്തെഴുന്നേറ്റ കർത്താവ് ഉയിർപ്പിനു ശേഷം നിർവ്വഹിച്ച ഓരോ പ്രത്യക്ഷതയിലും ഈ അജയ്യമായ ആത്മചൈതന്യം മറ്റുള്ളവരിലേക്ക് പകരുന്നതായി നാം കാണുന്നുണ്ട്. അതിരാവിലെ ഇരുട്ടുള്ളപ്പോൾ തന്നെ കല്ലറയ്ക്കൽ എത്തിയ മഗ്ദലക്കാരത്തി മറിയ യേശുവിന്റെ ശരീരം കല്ലറയിൽ കാണാതെ വന്നപ്പോൾ നിരാശയിൽ കരഞ്ഞുകലങ്ങിയ കണ്ണുകളുമായി അവിടെ നിന്നു. ഉയിർത്തെഴുന്നേറ്റ യേശു അവൾക്കു പ്രത്യക്ഷ്യനായിട്ടും തോട്ടക്കാരനാണെന്ന് സംശയിക്കാൻ കാരണം കണ്ണുനീർ അവളുടെ കാഴ്ചയെ തടസ്സപ്പെടുത്തിയതാണ്. നമ്മുടെ ജീവിതത്തിലും ഇന്നു നാം അഭിമുഖീകരിക്കുന്ന അരക്ഷിതാവസ്ഥയിൽ നമ്മുടെ മനസ് ആയിരിക്കുമ്പോൾ അടുത്തുനിൽക്കുന്ന യേശുവിനെ തിരിച്ചറിഞ്ഞില്ലെന്നുവരാം. എന്നാൽ യേശു അവളെ പേരു ചൊല്ലി വിളിച്ചപ്പോൾ അവൾ യേശുവിനെ തിരിച്ചറിഞ്ഞു. ഇന്നു നമ്മെ പേരുചൊല്ലി വിളിക്കുന്ന യേശു ആശ്വാസദായകനായി നമ്മുടെ സമീപത്തുണ്ട്. പിന്നീട് ശിഷ്യൻമാർ കൂടിയിരിക്കുമ്പോൾ വാതിൽ അടച്ചിരിക്കെ അവരുടെ നടുവിൽ നിന്നുകൊണ്ട് ഉയിർത്തെഴുന്നേറ്റ കർത്താവ് അവരുടെമേൽ ഊതി, അവർ അവിടെ ഇരിക്കേണ്ടവരല്ല പുറത്തേക്കിറങ്ങേണ്ടവരാണ് എന്ന് ഉദ്ബോധിപ്പിക്കുന്നു. എമ്മവുസിലേക്ക് പോയ രണ്ടു ശിഷ്യന്മാരോടു കൂടെ യേശു നടന്ന് അവരുടെ ഇച്ഛാഭംഗങ്ങളെയെല്ലാം അകറ്റി വചനത്തിന്റെ ആത്മാവിൽ പുതുക്കുന്നതായും നാം കാണുന്നുണ്ട്. അവരുടെ ജീവിതത്തിലേക്ക് യേശുവിനെ ക്ഷണിക്കുന്നു. അപ്പം നുറുക്കുമ്പോൾ യേശുവിനെ തിരിച്ചറിഞ്ഞു ഉയിർപ്പിന്റെ സന്ദേശവുമായി യരുശലേമിലേക്കു മടങ്ങുന്നതു നാം കാണുന്നുണ്ട്. ആദ്യം ശിഷ്യൻമാർക്ക് പ്രത്യക്ഷനാകുവുമ്പോൾ തോമസ് അവിടെ ഇല്ലായിരുന്നു. ഒരു പക്ഷേ ചുറ്റുപാടുകൾ നിരീക്ഷിക്കാൻ തോമസ് ഇറങ്ങിപ്പുറപ്പെട്ടതായിരിക്കാം. എപ്പോഴും ബുദ്ധിപരമായി ചിന്തിക്കുവാൻ താല്പര്യപ്പെട്ടിരുന്ന തോമസ് തന്റെ നിലപാട് വ്യക്തമാക്കി - അവനെ കേട്ടാൽ പോരാ, കണ്ടാൽ പോരാ, അവന്റെ വിലാപ്പുറത്തു കൈ ഇടുകയും അവന്റെ ആണിപ്പഴുതിൽ വിരൽ ഇടുകയും ചെയ്തല്ലാതെ വിശ്വസിക്കയില്ല. എന്നാൽ തോമസും കൂടി ഉള്ളപ്പോൾ പ്രത്യക്ഷനായ യേശു അവൻ പ്രഖ്യാപിച്ചിരുന്ന പരീക്ഷണങ്ങൾ നടത്താൻ ആഹ്വാനം ചെയ്തെങ്കിലും അതിനൊന്നും തുനിയാതെ 'എന്റെ കർത്താവും എന്റെ ദൈവവുമേ' എന്ന് സംബോധന ചെയ്ത് തന്റെ വിശ്വാസത്തെ പ്രഖ്യാപിക്കുകയത്രേ ചെയ്തത്. യേശുവിന്റെ ശിഷ്യന്മാരിൽ ഇപ്രകാരമൊരു വിശ്വാസപ്രഖ്യാപനം നടത്തിയ ഏക അപ്പോസ്തലൻ തോമസാണ്. യേശുവിനെ തള്ളിപ്പറഞ്ഞ പത്രോസിനെ ത്തേടി തിബര്യാസ് കടൽത്തീരത്തേക്കു കടന്നുവരുന്ന യേശുവിനെ വി. യോഹന്നാന്റെ സുവിശേഷത്തിൽ നാം കാണുന്നുണ്ട്. മൂന്നു പ്രാവശ്യം തന്നോടുള്ള പത്രോസിന്റെ സ്നേഹത്തെക്കുറിച്ചുള്ള ഉറപ്പ് യേശു ആവശ്യപ്പെടുമ്പോൾ മൂന്നു പ്രാവശ്യമായപ്പോഴേക്കും പത്രോസ് കണ്ണീരിൽ ചാലിച്ച മറുപടി പറയുകയാണ് - 'കർത്താവേ, നീ സകലവും അറിയുന്നു, എനിക്കു നിന്നോടു പ്രിയമുണ്ട് എന്നും നീ അറിയുന്നു'. തുടർന്ന് യേശു അവനെ തന്റെ ആടുകളെ മേയ്ക്കാൻ നിയോഗിക്കുകയാണ്. പിന്മാറ്റത്തിന്റെ അനുഭവത്തിൽകൂടി കടന്നുപോയ പത്രോസിനെ തേടിവന്ന് വീണ്ടെടുത്ത് തന്റെ ശുശ്രൂഷ വിശ്വസിച്ച് ഏൽപ്പിക്കുന്നു. ഈ നല്ല ഇടയൻ ഇന്നു നമ്മോടു കൂടെയുണ്ട്. നമ്മോടു കൂടെ ഉള്ള ഇടയൻ സാധാരണ ഇടയനല്ല, പ്രപഞ്ചത്തിന്റെ നാഥനായവനാണ്, ചരിത്രത്തെ നിയന്ത്രിക്കുന്നവനാണ്, സകലവും നന്മയ്ക്കായികൂടി വ്യാപരിപ്പിക്കുന്ന ദൈവമാണ്, നമുക്കുവേണ്ടി ജീവൻ അർപ്പിച്ച് നമുക്ക് സമൃദ്ധിയായ ജീവൻ നൽകിയ ദൈവമാണ്. 'പ്രത്യാശയുടെ സ്വീകാരം നാം മുറുകെ പിടിച്ചുകൊൾക; വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനല്ലോ.' (എബ്രായർ 10:23).

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ



പുലാത്തീൻ, തിരുവല്ല
30-03-2020

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**